വൈദ്യുതി ചാർജ്ജ് ഇളവ്

45 [344] ശ്രീ. ടി. എൻ. പ്രതാപൻ:
.. ജോർജ് ജെ. മാത്യു:
.. കെ. എ. ചന്ദ്രൻ:
.. കെ. മോഹൻകുമാർ:
.. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് എന്നുമുതലാണ് കുറച്ചിട്ടുള്ളത്; യൂണിറ്റൊന്നിന് എത്ര പൈസ വീതമാണ് കുറയ്ക്കുന്നത്;

(ബി) എത്ര യൂണിറ്റ് വൈദ്യുതി വരെ ഉപയോഗിക്കുന്നവർക്കാണ് ഈ കുറവെന്ന് പറയുമോ;

(സി) ഇത്രയും യൂണിറ്റു വരെയുള്ള വൈദ്യുതി ഒരു മാസം കൊണ്ടുപയോഗിക്കുന്നവർക്കാണോ അതോ ഒരു പ്രാവശ്യത്തെ വൈദ്യുതി ഉപഭോഗത്തിന് രണ്ട് മാസം കൂടുമ്പോൾ ബില്ലടയ്ക്കുന്നവർക്കാണോ ഈ കുറവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-2006 മുതലാണ് കുറച്ചിട്ടുള്ളത്. L. T. I. (a) ഗാർഹികം, L. T. VII. (A) & (B) വാണിജ്യം എന്നീ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 20 പൈസ വീതം കുറവു വരുത്തിയിട്ടുണ്ട്.

(ബി) ഉപഭോഗത്തിന് പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല.

(സി) മേല്പറഞ്ഞ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാണ്.

സൈലന്റുവാലി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് പകരമായുള്ള പദ്ധതി

46 [346] ശ്രീ. കളത്തിൽ അബ്ദുള്ള:
.. പി. കെ. കെ. ബാവ:
.. ടി. പി. എം. സാഹിർ:
.. കെ. എൻ. എ. ഖാദർ:
.. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റുവാലി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് പകരമായി കേരളത്തിന് ഇപ്പോൾ ഏതെങ്കിലും പദ്ധതി ആലോചനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

---

(345)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly